11. അയൽക്കൂട്ടാംഗങ്ങളെ സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹനവും സഹായവും നൽകുക.

12. സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് ഉതകുന്ന തരത്തിൽ ആശയപരവും സാങ്കേതികവുമായ പരിശീലനങ്ങൾ അംഗ കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുക.

13. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പ്രായോഗികമാക്കുക.

14 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി.-എയ്ഡ്സ് രോഗികൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(സി) പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനായി ഒരു ഗവേണിംഗ് ബോഡിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഐ.എ.എസ്/റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന സംസ്ഥാന കുടുംബശ്രീ മിഷനും 14 ജില്ലാ മിഷനുകളും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ പ്രാദേശിക അടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ സി.ഡി.എസ്. വിലയിരുത്തൽ സമിതിയും പ്രവർത്തിച്ചുവരുന്നുണ്ട്.

കുടുംബശ്രീയുടെ മീഡിയാശ്രീ പദ്ധതി

284 (1758) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടപ്പാക്കാനുദ്ദേശിക്കുന്ന മീഡിയാശ്രീ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീ തെരഞ്ഞെടുത്തിരിക്കുന്ന ഏജൻസി ഏതാണ്;

(സി) പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മീഡിയാശ്രീയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ചെലവ് ഏത് കുടുംബശ്രീയുടെ ഏത് ഹെഡ്സിൽ നിന്നാണ് നടത്തുന്നത്; നാളിതുവരെയായി പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിക്കപ്പെട്ടു; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബശ്രീ നിരവധി വ്യത്യസ്തമായ പരിശീലനങ്ങളും പദ്ധതികളും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തോടെ സ്ത്രീകളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മീഡിയാശ്രീ. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ മംഗങ്ങളിലും പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മസംരംഭക പദ്ധതിയാണിത്. 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്.

(സി) പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യം നൽകിയും ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്.

(ഡി) മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന മറ്റ് ചെലവുകൾ കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ 'സി.ബി.ഒ. ശാക്തീകരണം' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു. നാളിതുവരെ ഈയിനത്തിൽ 51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പെർഫോർമൻസ് ഓഡിറ്റിംഗ് സംവിധാനം

285 (1759) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർഫോമൻസ് ഓഡിറ്റ് സംവിധാനം പുനഃപരിശോധിക്കുമോ ;

(ബി) ഇത് പഞ്ചായത്തിനു പുറത്തുള്ള ഒരു ഏജൻസി വഴി ചെയ്യാമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.